# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4144 25.06.2014 - ൽ മറുപടിക്ക്

## ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. ചന്ദ്രൻ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 2014 ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ ; | (എ) 3 കുടിവെള്ള പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇത് ഈ മണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലാണ്. |
| (ബി) ഇതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് ; എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ട് ; | (ബി) 3 പദ്ധതികൾക്കും ഭരണാനുമതി കേരള വാട്ടർ അതോറിറ്റി നല്കിയിട്ടുണ്ട്. ഇവയുടെ പണി പുരോഗമിച്ചു വരുന്നു. ഒന്നും പൂർത്തീകരിച്ചിട്ടില്ല. |
| (സി) 2013 ൽ ഭരണാനുമതി ലഭിച്ചിട്ടും പൂർത്തീകരിക്കാത്ത പദ്ധതികൾക്ക് സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (സി) 2013-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ എസ്.ഡി.ആർ.എഫിൽ ഉൾപ്പെടുത്തി, ആലത്തൂർ മണ്ഡലത്തിൽ 13 പ്രവൃത്തികൾക്ക് അംഗീകാരം കേരള വാട്ടർ അതോറിറ്റി നല്കി. ഇതിൽ 10 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2 പ്രവൃത്തികൾക്ക് കുഴൽകിണർ കുഴിച്ചെങ്കിലും മതിയായ ജലലഭ്യതയില്ലാത്തതിനാൽ ഉപേക്ഷിക്കേണ്ടി വന്നു. കൂടാതെ ആർ.ഡബ്ല്യൂ.എസ്.എസ്. - കിഴക്കഞ്ചേരി - മിനികുടിവെള്ള പദ്ധതി (വക്കാല) എന്ന പ്രവൃത്തിയുടെ കുഴൽകിണർ, പമ്പ് സെറ്റ്, പൈപ്പ്ലൈൻ എന്നിവ പൂർത്തീകരിച്ചുവെങ്കിലും പവർ കണക്ഷൻ ലഭിക്കുവാനുണ്ട്.<br><br>2013-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ ജില്ലാ കളക്ടറുടെ ഫണ്ടിൽ, ആലത്തൂർ മണ്ഡലത്തിൽ 9 പ്രവൃത്തികൾക്ക് ഭരണാനുമതി |

ലഭിച്ചിട്ടുണ്ട്. ഇതിൽ 8 പ്രവൃത്തികൾ പൂർത്തീകരിച്ചു. ചേങ്ങോട് മിനി കുടിവെള്ള പദ്ധതിയുടെ കുഴൽകിണറിൽ മതിയായ ജലലഭ്യതയില്ലാത്തിനാൽ ഉപേക്ഷിക്കാവുന്നതാണെന്ന് ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. 2013-ലെ ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് 31/12/2013 വരെ സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു.

സെക്ഷൻ ഓഫീസർ